**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ശാന്തകുമാരി കെ. | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ-അന്തർദേശീയ തലത്തിൽ ഉന്നതവിദ്യാഭ്യാസ പ്രവേശന പരീക്ഷകളിൽ ഉയർന്ന വിജയം കരസ്ഥമാക്കുന്നതിനും പ്രവേശനം നേടുന്നവരിൽ സ്ത്രീ-പുരുഷ അനുപാതത്തിൽ ഒന്നാം സ്ഥാനം നേടുന്നതിനും സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സുസ്ഥിര വികസന സൂചികയിൽ നാലാം ലക്ഷ്യമായ 'ഗുണമേന്മയുള്ള വിദ്യാഭ്യാസം' ലഭ്യമാക്കുന്ന കാര്യത്തിൽ നീതി ആയോഗിന്റെ വിലയിരുത്തൽ പ്രകാരം സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം നിലവിൽ ഒന്നാം സ്ഥാനത്ത് തുടർന്നുവരികയാണ്. ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ All India Survey on Higher Education (AISHE) റിപ്പോർട്ടുകൾ അനുസരിച്ച്, കേരളത്തിലെ മൊത്തം പ്രവേശനാനുപാതം (GER) 41.3% ആയി നിലനിൽക്കുമ്പോൾ അഖിലേന്ത്യ ശരാശരി 28.4% മാത്രമാണ്. അതുപോലെ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലിംഗസമത്വ സൂചിക (GPI) കേരളത്തിൽ 1.44 ആയി നിലനിൽക്കുമ്പോൾ ദേശീയ ശരാശരി 1.01 ആണ്. ഇത് സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും ഉയർന്ന ജെന്റർ പാരിറ്റി ഇൻഡക്സ് (GPI) ആണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (Sustainable Development Goals) ലക്ഷ്യം 4-ൽ കേരളത്തിന്റെ സ്കോർ 82 ആണ്.<br><br>ഉന്നത വിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ 9 വർഷത്തിനിടയിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുക, സമൂഹത്തിലെ വിവിധ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനം ഉറപ്പാക്കുക, പാഠ്യപദ്ധതി, പരീക്ഷ, വിദ്യാർത്ഥി ഡാറ്റാ മാനേജ്മെന്റ്, ഭരണനിർവഹണം എന്നിവയിൽ പരിഷ്കാരങ്ങൾ വരുത്തുക തുടങ്ങിയ കാര്യങ്ങളിൽ സുപ്രധാന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനത്തിന്റെയും അദ്ധ്യാപനത്തിന്റെയും മെച്ചപ്പെട്ട |

നിലവാരം സ്ഥാപനങ്ങളുടെ ഉയർന്ന NAAC ഗ്രേഡിംഗിലും, നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ റാങ്കിംഗ് ഫ്രെയിംവർക്കിൽ (NIRF) നേടിയ ഉയർന്ന സ്കോറിലും പ്രതിഫലിക്കുന്നു. NIRF 2025 -ൽ കേരളത്തിലെ 18 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആദ്യ 100 റാങ്കിംഗിൽ ഇടം നേടിയപ്പോൾ, സംസ്ഥാന പൊതു യൂണിവേഴ്സിറ്റികളുടെ റാങ്കിംഗിൽ കേരള യൂണിവേഴ്സിറ്റിക്ക് 5-ാം സ്ഥാനവും, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് (CUSAT) 6-ാം സ്ഥാനവുമുണ്ട്. NAAC ഗ്രേഡിംഗിൽ, 31 കോളേജുകൾക്കും 2 യൂണിവേഴ്സിറ്റികളും A++ ഗ്രേഡും, 53 കോളേജുകൾക്കും 3 യൂണിവേഴ്സിറ്റികളും A+ ഗ്രേഡും, 93 കോളേജുകൾക്ക് A ഗ്രേഡും ലഭിച്ചു. ടൈംസ് ഹയർ എജ്യുക്കേഷൻ ലിസ്റ്റ് ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് പുറത്തിറക്കിയ പട്ടികയിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്ക് മൂന്നാം സ്ഥാനം ലഭിച്ചു.

വിവിധ മത്സര പരീക്ഷകളിൽ, കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ ശ്രദ്ധേയമായ വിജയം കൈവരിക്കുന്നതിനും വിദേശ സർവകലാശാലകളിലേക്കുള്ള പ്രവേശനങ്ങളിൽ കേരള വിദ്യാർത്ഥികളുടെ പങ്കാളിത്തം വർഷംതോറും വർദ്ധിച്ചുവരുന്നതും, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനങ്ങളിൽ സ്ത്രീ–പുരുഷ അനുപാതത്തിൽ രാജ്യതലത്തിൽ തന്നെ മുൻനിര സ്ഥാനം നിലനിർത്തുന്നതും ഇത്തരത്തിലുള്ള നേട്ടങ്ങൾ കൈവരിച്ചതുകൊണ്ടുതന്നെയാണ്.

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്താൻ സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുള്ള ഉന്നത വിദ്യാഭ്യാസ നയങ്ങൾ/ പരിഷ്കരണങ്ങൾ ചുവടെ ചേർക്കുന്നു:-

• മെരിറ്റിന്റെയും റിസർവേഷന്റെയും അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി പ്രവേശനം.
• സാമൂഹികവും/ സാമ്പത്തികവുമായ പിന്നാക്ക വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ
• പൊതു സർവ്വകലാശാലകളുടെയും ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ മേഖലയിലെ കോളേജുകളുടെയും കോഴ്സുകളുടെയും വ്യാപനം.
• കാലോചിതമായ കരിക്കുലം പരിഷ്കാരങ്ങൾ
•സർവ്വകലാശാലകളിലെയും കോളേജുകളിലെയും വർദ്ധിച്ച പശ്ചാത്തല സൗകര്യങ്ങൾ
• എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്കുള്ള പ്രത്യേക

| | | | |
|---|---|---|---|
| | | | ഹോസ്റ്റലുകൾ ഉൾപ്പെടെ വർദ്ധിച്ച ഹോസ്റ്റൽ സൗകര്യങ്ങൾ. |
| (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത വിജയം കൈവരിക്കുന്നതിന് ഈ സർക്കാരിന്റെ വിവിധ പദ്ധതികളും നയങ്ങളും ഗുണകരമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) -യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (സി) | മുൻകാലങ്ങളെ അപേക്ഷിച്ച് ഉന്നതവിദ്യാഭ്യാസം നേടുന്നവരിൽ തൊഴിൽ രംഗത്തേക്ക് കടന്നുവരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഉന്നതവിദ്യാഭ്യാസം നേടി തൊഴിൽ രംഗത്തേക്ക് കടന്നുവരുന്ന വനിതകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും വിസ്മയകരമായ വിജയം കൈവരിക്കുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ? | (ഡി) | സ്ത്രീ ശാക്തികരണം ലക്ഷ്യമിട്ട് SHE (Scheme for Her Empowerment in Engineering Education) ക്ലബ്ബ് കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം സർക്കാർ നൽകിയിട്ടുണ്ട്.<br><br>ഉന്നതവിദ്യാഭ്യാസം നേടി തൊഴിൽ രംഗത്തേക്ക് കടന്നുവരുന്ന വനിതകൾക്ക് കഴിവുകൾ വികസിപ്പിക്കുകയും ആത്മവിശ്വാസത്തോടെ തൊഴിൽ വിപണിയിൽ വിജയം കൈവരിക്കാനും സഹായിക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ അസാപ് കേരള നടത്തിവരുന്നു.<br><br>• ASAP കേരളയും മഹീന്ദ്ര & മഹീന്ദ്രയും സംയുക്തമായി "നാരീചക്ര - പെൺകരുത്ത്" എന്ന പദ്ധതി<br>• വനിതാ-ശിശു വികസന വകുപ്പുമായി സഹകരിച്ച് കരിയർ ബ്രേക്ക് വന്ന വനിതകൾക്കായി special projects നടത്തി.<br>• കാസർഗോഡ് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 'ദർപ്പണം' പദ്ധതിയിലൂടെ ജില്ലയിലെ അഞ്ഞൂറോളം വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി<br><br>ആഗോള മുന്നേറ്റങ്ങളോട് ചേർന്ന് ഗവേഷണം, സംരംഭകത്വം, തൊഴിൽ നൈപുണ്യ വികസനം എന്നിവയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പാഠ്യപരിഷ്കരണങ്ങളും നൈപുണ്യാധിഷ്ഠിത നടപടികളും, പ്രത്യേകിച്ച് വനിതാ വിദ്യാർത്ഥികളുടെ അക്കാദമികവും തൊഴിൽപരവുമായ മുന്നേറ്റത്തിന് |

| | | | |
|---|---|---|---|
| | | | ശക്തമായ അടിത്തറ ഒരുക്കുന്ന പരിഷ്കാരങ്ങളും സർവ്വകലാശാലകൾ മുഖേനയും നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ